# ജില്ലയിൽ ഈ-ചെലാൻ സംവിധാനം നടപ്പിലാക്കുന്നു

വാഹന പരിശോധനകൾ സുഗുമമാക്കുന്നതിനും, പിഴ അടക്കുന്നതിനും റൂറൽ പോലീസ് ജില്ലയിൽ ഈ-ചെലാൻ സംവിധാനം നടപ്പിലാക്കുന്നു. പിഴ അടക്കേണ്ടി വന്നാൽ വാഹന ഉടമയ്ക്കും ഡ്രൈവർക്കും പരിശോധനാ സ്ഥലത്ത് വച്ച് തന്നെ ക്രഡിറ്റ്/ഡബിറ്റ് കാർഡുകൾ വഴിയോ, നേരിട്ടോ, ഓൺലൈൻ പേയ്മെൻറ് വഴിയോ പണം അടക്കാൻ സാധിക്കുമെന്ന് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് പറഞ്ഞു. പോലീസുദ്യോഗസ്ഥർക്ക് തത്സമയം വാഹനങ്ങളുടെ വിവര ശേഖരണം നടത്തുവാനും സാധിക്കും. നാഷണൽ ഈ-ഗവേൺസ് പദ്ധതിയുടെ ഭാഗമായി എൻ.ഐ.സി രൂപകൽപ്പന ചെയ്തതാണ് ഈ-ചെലാൻ പ്രൊജക്ട്. ട്രഷറി ഡിപ്പാർട്ട്മെൻറ്, ഫെഡറൽ ബാങ്ക്, പൈൻ ലാബ്സ് എന്നിവരും സംയുക്തമായി സഹകരിക്കുന്നു. ഇതിൻറെ പരിശീലന പരിപാടി ജില്ലാ പോലീസ് ആസ്ഥാനത്ത് ആരംഭിച്ചു. അഞ്ച് സബ്ഡിവിഷനുകളിലെ ഉദ്യോഗസ്ഥർക്കും ബാച്ചുകളായി പരിശീലനം നൽകും. പരിശീലനത്തിനു ശേഷമാണ് പദ്ധതി നടപ്പിലാക്കുക.